**പതിമൂന്നാം കേരളനിയമസഭ**

**പന്ത്രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ - 2719** | **10.12.2014 ലെ മറുപടിയ്ക്ക്**

## ഇടമലയാർ ഇറിഗേഷൻ പദ്ധതിയുടെ ലോ ലെവൽ കനാൽ

| ചോദ്യം | | ഉത്തരം |
|---|---|---|
| **ശ്രീ.ജോസ് തെറ്റയിൽ** | | ശ്രീ.പി.ജെ.ജോസഫ്<br>(ബഹു.ജലവിഭവ വകുപ്പ് മന്ത്രി) |
| **എ)** ഇടമലയാർ ഇറിഗേഷൻ പദ്ധതിയുടെ ലോ ലെവൽ കനാൽ 10490 മുതൽ 12000 വരെയുള്ള ചെയ്നേജിന്റെ പ്രവൃത്തിക്ക് ഏതെല്ലാം ആക്ഷൻ പ്ലാനിൽ അംഗീകാരം നൽകിയിരുന്നു ; | എ) | ഇടമലയാർ ഇറിഗേഷൻ പദ്ധതിയുടെ ലോ ലെവൽ കനാൽ ചെ.10490 മീറ്റർ മുതൽ 12000 മീറ്റർ വരെയുള്ള പ്രവൃ ത്തിയ്ക്ക് 2009-10, 2010-11, 2011-12 2012-13, 2014-15 എന്നീ വർഷങ്ങളി ലെ ആക്ഷൻ പ്ളാനിൽ ഉൾപ്പെടുത്തി അംഗീകാരം നൽകിയിട്ടുണ്ട്. |
| **ബി)** ഇതിന് സാങ്കേതികാനുമതിക്കായി എത്ര തവണ സമർപ്പിക്കപ്പെട്ടിരുന്നു ; | ബി) | ലോ ലെവൽ കനാൽ 10490 മീറ്റർ മുതൽ 12000 മീറ്റർ വരെയുള്ള പണികൾക്ക് 10.3.2004-ൽ സാങ്കേതികാനുമതി നൽകി. |
| **സി)** സാങ്കേതികാനുമതി നൽകുന്നതിലെ കാലതാമസത്തിന് കാരണവും ഈ പ്രവൃത്തിയുടെ നിജസ്ഥിതിയും വ്യക്തമാക്കാമോ;<br><br>**ഡി)** പ്രസ്തുത പ്രവൃത്തി നടപ്പിലാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാം എന്ന് വിശദമാക്കാമോ; | സി) & ഡി) | ഇടമലയാർ ഇറിഗേഷൻ പദ്ധതിയുടെ 10490 മുതൽ 12000 വരെയുള്ള ചെയിനേജ് പ്രവൃത്തി ചില സാങ്കേതിക ബുദ്ധിമുട്ടുകൾ കാരണം 10490 മീറ്റർ മുതൽ 10599 മീറ്റർ വരെയും 10599 മീറ്റർ മുതൽ 12000 മീറ്റർ വരെയുമുള്ള രണ്ട് പ്രവൃത്തികളായി തിരിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടി വന്നു. ടി പദ്ധതി രണ്ട് ഭാഗങ്ങളാക്കി മാറ്റി പൂർത്തീകരിക്കാനുള്ള അനുമതിയ്ക്കായി ചീഫ് എൻജിനീയർ, പ്രോജക്റ്റ് -2 സമർപ്പിച്ച റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരുകയാണ്. |

**ഇ)** ഇതിന്റെ സ്ഥലമെടുപ്പ് നടപടികൾക്ക് ഹൈലെവൽ കമ്മിറ്റി അംഗീകാരം നൽകി ഇറക്കിയ ഉത്തരവിലെ വിസ്തീർണ്ണത്തിൽ വന്ന തെറ്റ് തിരുത്തുന്നതിൽ വന്ന കാലതാമസത്തിന്റെ കാരണം വിശദമാക്കാമോ ; വകുപ്പിലെ ഉദ്യോഗസ്ഥരുടെ ശ്രദ്ധക്കുറവുമൂലം സംഭവിക്കുന്ന ഇത്തരം കൃത്യവിലോപത്തിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; സ്വീകരിച്ചിട്ടുള്ള നടപടി എന്തെന്ന് വിശദമാക്കാമോ ;

ഇ) ഇക്കാര്യത്തിൽ ഈ വകുപ്പിന് തെറ്റ് പറ്റിയിട്ടില്ല.

**എഫ്)** ഈ പ്രവൃത്തി എന്നത്തേയ്ക്ക് പൂർത്തീകരിക്കുവാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ ?

എഫ്) മേൽ പ്രവൃത്തി 2 ഭാഗങ്ങളായി (2 reaches) പൂർത്തീകരിക്കാനുള്ള നടപടികൾ പൂർത്തിയായിവരുന്നു.

സെക്ഷൻ ഓഫീസർ